SAMAGRA PLUS

# SECOND TERM SAMPLE PRACTICE PAPER

**ക്ലാസ് - 5** **അടിസ്ഥാനശാസ്ത്രം**

**സമയം : 2 മണിക്കൂർ** **സ്കോർ : 30 മാർക്ക്**

**നിർദേശങ്ങൾ**

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
- ആകെ 8 പ്രവർത്തനങ്ങളുണ്ട്. അതിൽ 6 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.

**പ്രവർത്തനം 1**

സീന ജലത്തിൽ ലയിക്കുന്നവയും ലയിക്കാത്തവയുമായ വസ്തുക്കൾ കണ്ടെത്താനുള്ള ശ്രമത്തിലാണ്. ആദ്യഘട്ടമെന്ന നിലയിൽ ചുറ്റുപാടുമുള്ള വസ്തുക്കളെ പട്ടികപ്പെടുത്തി. പട്ടികയെ അടിസ്ഥാനപ്പെടുത്തി തന്റെ ശാസ്ത്ര പുസ്തകത്തിൽ ജലത്തിൽ ലയിക്കുന്നവയും ലയിക്കാത്തവയുമായ വസ്തുക്കളെ തരംതിരിച്ച് ഊഹം രേഖപ്പെടുത്തി. പരീക്ഷണം നടത്തിയപ്പോൾ ഊഹങ്ങളിൽ പലതും തെറ്റാണെന്ന് ബോധ്യപ്പെട്ടു. സീനയുടെ ഊഹം താഴെകൊടുത്തിരിക്കുന്നു.

| ജലത്തിൽ ലയിക്കുന്നവ | ജലത്തിൽ ലയിക്കാത്തവ |
|---|---|
| പഞ്ചസാര | തുരിശ് |
| തേയില | അപ്പക്കാരം |
| മുളക് പൊടി | ഇരുമ്പ് പൊടി |
| പൊട്ടാസ്യം പെർമാംഗനേറ്റ് | ഉപ്പ് |
| മണൽ | സോപ്പുപൊടി |

A. ഇവയിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി എഴുതുക.
B. സോഡാവെള്ളത്തിൽ ലയിച്ച് ചേർന്നിട്ടുള്ള വാതകം ഏതാണ്?
C. ജലത്തിൽ പഞ്ചസാര ലയിപ്പിച്ചാൽ അതിലെ ലീനം, ലായനി, ലായകം ഇവ എതെല്ലാമായിരിക്കും?

**പ്രവർത്തനം 2**

ശുദ്ധജല ഉപയോഗത്തിന്റെ ഒരു ദിവസത്തെ അളവ് പട്ടികപ്പെടുത്തിയത് ചുവടെ കൊടുത്തിരിക്കുന്നു.

| ആവശ്യം | ഉപയോഗം (ലിറ്ററിൽ) |
|---|---|
| കുടിക്കാൻ | 2.5 –3.5 |
| ഭക്ഷണം പാകം ചെയ്യാൻ | 3.0–4.0 |
| കുളിക്കാനും വസ്ത്രം കഴുകാനും | 30.0 |
| മൃഗങ്ങളെ കുളിപ്പിക്കാൻ | 25 .0 |
| വാഹനങ്ങൾ കഴുകാൻ | 50.0 |

A. പട്ടിക വിശകലനം ചെയ്ത് ശുദ്ധജലം പാഴാക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാമാണെന്ന കണ്ടെത്തുക?
B. മനുഷ്യരുടെ രക്തത്തിൽ ജലത്തിന്റെ ശതമാനം എത്രയാണ്?
C. നിങ്ങളുടെ വിദ്യാലയത്തിലെ കുട്ടികളെ ശുദ്ധജലം പാഴാക്കുന്നതിനെതിരെ ബോധവത്ക്കരിക്കുന്നതിനായി പോസ്റ്റർ തയ്യാറാക്കുക.

## പ്രവർത്തനം 3

സസ്യങ്ങളുടെ വിത്തുകൾ പല സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായിട്ടാണ് വിവിധ സസ്യങ്ങൾ ഒരു പ്രദേശത്ത് കാണപ്പെടുന്നതും ഒരു സസ്യം വിവിധപ്രദേശങ്ങളിൽ കാണപ്പെടുന്നതും. വിത്ത് വിതരണത്തിനായി സസ്യങ്ങൾ പല മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്.

A. തന്നിരിക്കുന്നവയിൽ നിന്ന് പക്ഷികൾ വിത്ത് വിതരണം നടത്തുന്നവ കണ്ടെത്തുക
a. തേങ്ങ b. പേരയ്ക്ക c. വെണ്ടയ്ക്ക

B. ഫ്ലോ ചാർട്ട് പൂർത്തിയാക്കുക




## പ്രവർത്തനം 4

പയർ, മാങ്ങ, തെങ്ങ്, മുള തുടങ്ങിയ സസ്യങ്ങളുടെ ഇലകളുടെയും വേരുകളുടെയും ചിത്രങ്ങൾ നിരീക്ഷിക്കുക.



**A.** ചിത്രം നിരീക്ഷിച്ച് ഒരേ സിരാവിന്യാസമുള്ള രണ്ട് സസ്യങ്ങളെ കണ്ടെത്തി എഴുതുക

**B.** ഓരോ സസ്യത്തിന്റെയും സിരാവിന്യാസത്തിന്റെയും വേര് പടലങ്ങളുടെയും പേരുകൾ എഴുതുക

| No | സസ്യം | സിരാവിന്യാസം | വേര് പടലം |
|---|---|---|---|
| 1 | പയർ | | |
| 2 | മാവ് | | |
| 3 | തെങ്ങ് | | |
| 4 | മുള | | |

## പ്രവർത്തനം 5

താഴെ തന്നിരിക്കുന്ന നക്ഷത്ര ഗണത്തിന്റെ ചിത്രങ്ങൾ പരിശോധിക്കുക.



*ചിത്രം 1*



*ചിത്രം 2*

A. ചിത്രങ്ങളിലെ നക്ഷത്രക്കൂട്ടങ്ങളുടെ പേരുകൾ എഴുതുക.
B. ചിത്രം 1–ലെ നക്ഷത്രസമൂഹം ഏത് മാസത്തിലാണ് ആകാശത്ത് കാണാൻ കഴിയുക?
C. ചിത്രം 2 ൽ എത്ര നക്ഷത്രങ്ങൾ വ്യക്തമായി കാണാൻ കഴിയും?
D. ആകാശ നിരീക്ഷണത്തിന് സഹായിക്കുന്ന സോഫ്ട്‌വെയറിന്റെ പേര് എഴുതുക.

## പ്രവർത്തനം 6

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനമായ ഐ എസ് ആർ ഒ ചാന്ദ്രയാൻ പോലെ നിരവധി ബഹിരാകാശ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

A. ശരിയായ രീതിയിൽ പട്ടിക പൂർത്തിയാക്കുക.

| ദൗത്യം | ചിത്രം | ലക്ഷ്യം |
|---|---|---|
| **A** |  | ചൊവ്വാപര്യവേഷണം |
| ആദിത്യ എൽ 1 |  | **B** |
| ഗഗൻയാൻ |  | ബഹിരാകാശ പര്യവേഷണം |

B.ബഹിരാകാശത്ത് സ്ഥാപിച്ചിട്ടുള്ള ബഹിരാകാശപരീക്ഷണശാലകളാണ് ബഹിരാകാശനിലയങ്ങൾ. ബഹിരാകാശനിലയത്തിൽ എത്തുന്നവർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

C.ഭൂമിയുടെ പ്രകൃത്യാലുള്ള ഉപഗ്രഹമാണ് ചന്ദ്രൻ. ചന്ദ്രൻ സ്വയം പ്രകാശിക്കാത്ത ആകാശഗോളമാണ് എന്നത് ചന്ദ്രന്റെ പ്രത്യേകതയാണ്. മറ്റ് രണ്ട് പ്രത്യേകതകൾ കൂടി എഴുതുക.

## പ്രവർത്തനം 7

**A.** താഴെതന്നിരിക്കുന്ന പട്ടികയിൽ വിട്ട് പോയ ഭാഗങ്ങൾ പൂർത്തിയാക്കുക

| കൃത്രിമോപഗ്രഹം | പ്രധാന ഉപയോഗം |
|---|---|
| ഇൻസാറ്റ് | ..........A.......... |
| ..........B.......... | ജ്യോതിശാസ്ത്രപഠനം |
| ജി സാറ്റ് 7 | ..........C.......... |

**B.** ജി പി എസിന് സമാനമായ ഇന്ത്യൻ സംവിധാനത്തിന്റെ പേര് എഴുതുക

**C.** റോക്കറ്റുവിക്ഷേപണം നടത്തുന്നത് ചില പ്രത്യേക കേന്ദ്രങ്ങളിൽ നിന്നാണ്.

നമ്മുടെ രാജ്യത്തെ ഇത്തരം കേന്ദ്രങ്ങളെക്കുറിച്ചുള്ള ചില വിവരങ്ങൾ നൽകിയിരിക്കുന്നു.

- ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ സ്ഥിതിചെയ്യുന്നു.
- 1971 ഒക്ടോബറിൽ പ്രവർത്തനമാരംഭിച്ചു.

ഈ റോക്കറ്റ് വിക്ഷേപണകേന്ദ്രത്തിന്റെ പേര് എന്ത്?

## പ്രവർത്തനം 8

താഴെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കുക

**A.** ചിത്രത്തിൽ A, B എന്നിവ എന്തിനെയാണ് സൂചിപ്പിക്കുന്നതെന്ന് എഴുതുക..

**B.** ഓരോ ഭാഗത്തിലും സംഭവിക്കുന്ന മാറ്റം എന്താണ്?

**C.** നടീൽ വസ്തുക്കളെ അടിസ്ഥാനമാക്കി താഴെ പറയുന്ന സസ്യങ്ങളെ തരം തിരിക്കുക

നെല്ല്, മരച്ചീനി, ഇലമുളച്ചി, ശീമപ്ലാവ്, പയർ, മുല്ല, കറിവേപ്പ്, നിലപ്പന



## Scoring Key

**Class 5** **Basic Science** **Score 40**

| No | | Key points | Score | Total |
|---|---|---|---|---|
| 1 | A | ജലത്തിൽ ലയിക്കുന്നവയെയും ലയിക്കാത്തവയെയും ശരിയായി പട്ടികപ്പെത്തുന്നു | 2 | 5 |
| | B | കാർബൺ ഡൈ ഓക്സൈഡ് | 1 | |
| | C | ലായകം, ലീനം, ലായനി എന്നിവ ശരിയായി രേഖപ്പെടുത്തുന്നു | 2 | |
| 2 | A | പട്ടികയിലെ ജലം പാഴാക്കുന്ന ഏതെങ്കിലും രണ്ടു സാഹചര്യങ്ങൾ ലിസ്റ്റ് ചെയ്യുന്നു | 2 | 5 |
| | B | 94.00% | 1 | |
| | C | പോസ്റ്റർ തയ്യാറാക്കുന്നു | 2 | |
| 3 | A | പേരക്ക | 1 | 5 |
| | B | A,B,C,D എന്നിവക്ക് അനുയോജ്യമായത് കണ്ടെത്തി എഴുതുന്നു | 4 | |
| 4 | A | ജോഡി A : പയറും മാവും ജോഡി B : തെങ്ങും, മുളയും | 1 | 5 |
| | B | നാലു സസ്യങ്ങളുടെയും ശരിയായ സിരാവിന്യാസവും വേരുപടലവും രേഖപ്പെടുത്തുന്നു | 4 | |
| 5 | A | രണ്ടു നക്ഷത്രക്കൂട്ടങ്ങളുടെയും ശരിയായ പേര് രേഖപ്പെടുത്തുന്നു | 2 | 5 |
| | B | ഡിസംബർ | 1 | |
| | C | ഏഴുനക്ഷത്രങ്ങൾ | 1 | |
| | D | സ്റ്റെല്ലേറിയം | 1 | |
| 6 | A | പട്ടിക പൂർത്തിയാക്കുന്നു | 2 | 5 |
| | B | ബഹിരാകാശ യാത്രികർ നേരിടുന്ന ഏതെങ്കിലും രണ്ടു പ്രശ്നങ്ങൾ | 2 | |
| | C | ചന്ദ്രന്റെ ഏതെങ്കിലും രണ്ടു പ്രത്യേകതകൾ | 1 | |
| 7 | A | A, B, C എന്നിവക്ക് അനുയോജ്യമായത് കണ്ടെത്തി എഴുതുന്നു | 3 | 5 |
| | B | ഇന്ത്യൻ റീജിയണൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം (IRNSS). | 1 | |
| | C | സതിഷ് ധവാൻ സ്പേസ് സെന്റർ – SDSC | 1 | |
| 8 | A | ബീജമൂലം, ബീജപത്രം | 1 | 5 |
| | B | ഓരോ ഭാഗത്തിനും ഉണ്ടാകുന്ന മാറ്റം | 2 | |
| | C | ശരിയായ വിധത്തിൽ തരം തിരിക്കുന്നു | 2 | |